# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി-17/722/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 09/07/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പറളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി-17/722/2021 തീയ്യതി: 09/07/2021

## പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 02-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 22-06-2021 |
| 30-06-2021 | 02-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ
എം. ശിവപ്രസാദ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കെ.പി. രാമകൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.എസ്. താരിഖ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

കെ.എ). മോഹനൻ, ഓഡ ।റ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.ആർ. ഗിരിജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. കെ. സതീഷ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എൻ. ദിനേഷ് | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ദിവ്യ ഗോപിനാഥ് | അസി. എഞ്ചിനീയര് | 01-04-2019 | 31-03-2020 |
| ശ്രീമതി. വിനീത. കെ.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. സന്തോഷ് കുമാർ. പി.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉഷാദേവി. കെ.കെ | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ഫാത്തിമ രഹന. എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അജി പുന്നൻ | 01-04-2019 | 31-05-2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സന്തോഷ് | 01-06-2019 | 07-06-2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റിയ മുഹമ്മദ് | 08-06-2019 | 15-03-2020 |
| മെഡിക്കൽ ഓഫീസർ | ഡോ. നിഷ്മ ജോൺസ് | 16-03-2020 | 31-03-2020 |

| | | | |
|---|---|---|---|
| (ഹോമിയോ) | | | |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. അജിത കുമാരി | 01-04-2019 | 31-05-2019 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ശ്രീജിത്ത് | 01-06-2019 | 31-03-2020 |
| വെറ്ററിനറി സർജൻ | ഡോ. ദിനേഷ് | 01-04-2019 | 31-03-2020 |
| ക്യഷി ഓഫീസർ | ശ്രീമതി. റഷീദ ബീഗം. എസ്.എ | 01-04-2019 | 31-03-2020 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രാധിക | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് അവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 30-06-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-1 |
| 2 | പദ്ധതി നിർദ്ദേശങ്ങൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 30-06-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-1-1 |
| 3 | പദ്ധതിയേതര നിർദ്ദേശങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 30-06-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-1-2 |
| 4 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 07-07-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-1-3 |
| 5 | വാർഷികധനകാര്യ പത്രിക<br>Written By: Mohanan K.A (Auditor, On 04-07-2021)<br>Last Updated By: Mohanan K.A (Auditor, On 09-07-2021) | 1-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: S. Premanand (Audit Officer, On 03-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-3 |
| 7 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 03-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി-വരവ്- ചെലവ് കണക്ക്<br>Written By: M.S.Tharick (Senior Grade Auditor, On 04-07-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-07-2021) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 30-06-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-6 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 30-06-2021)<br>Last Updated By: Mohanan K.A (Auditor, On 09-07-2021) | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 30-06-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 02-07-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-9 |
| 13 | ഒഴിവാക്കി<br>Written By: Mohanan K.A (Auditor, On 03-07-2021)<br>Last Updated By: S. Premanand (Audit Officer, On 08-07-2021) | 1-10 |
| 14 | റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്<br>Written By: Mohanan K.A (Auditor, On 03-07-2021)<br>Last Updated By: Mohanan K.A (Auditor, On 09-07-2021) | 1-11 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 02-07-2021)<br>Last Updated By: Mohanan K.A (Auditor, On 09-07-2021) | 1-12 |
| 16 | കന്നുകുട്ടി പരിപാലനം (ജനറൽ)- ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-07-2021) | 1-13 |

| | | |
|---|---|---|
| 17 | മൃഗസംരക്ഷണം -വനിതകൾക്കായുള്ള ഉൽപാദന മേഖലയിൽപ്പെട്ട പദ്ധതികൾ നടപ്പാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-07-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-07-2021) | 1-14 |
| 18 | ഔഷധിക്ക് കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള ആയുർവേദ മരുന്നുകൾ ലഭ്യമായില്ല<br>Written By: M.S.Tharick (Senior Grade Auditor, On 01-07-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-07-2021) | 1-15 |
| 19 | പറളി കടവ് കുടിവെള്ള പദ്ധതി-നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു<br>Written By: K.P.Ramakrishnan (Asst. Audit Officer, On 02-07-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-16 |
| 20 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 01-07-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-17 |
| 21 | ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ- പ്രൊജക്ട് രൂപീകരിക്കാതെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു<br>Written By: K.P.Ramakrishnan (Asst. Audit Officer, On 02-07-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 09-07-2021) | 1-18 |
| 22 | തെരുവു വിളക്ക് പരിപാലനം-എ.എം.സി-എഗ്രിമെന്റ് ചമച്ചത് നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 02-07-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 1-19 |
| 23 | വീട് പുനരുദ്ധാരണം - പ്രൊജക്ടിൽ വകയിരുത്തിയതിൽ അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 02-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-20 |
| 24 | പി.എം.എ.വൈ ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 02-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-21 |
| 25 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 02-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-22 |
| 26 | അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 02-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-23 |
| 27 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 02-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-24 |
| 28 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ വികസന ഫണ്ട് (എസ്.സി.പി) ചെലവഴിച്ചു<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-25 |
| 29 | ടാറിങ്ങ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവു ചെയ്യാത്തത്<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-26 |

| | | |
|---|---|---|
| 30 | പൊതു വിഭാഗം ക്ഷീര കർഷകർക്ക് മുഴുവൻ കാലയളവിലേക്കും പാൽ സബ്സിഡി നൽകാത്തത്<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 1-27 |
| 31 | പ്രത്യേക കന്നുകട്ടി പരിപാലനം- പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: M.S.Tharick (Senior Grade Auditor, On 04-07-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-07-2021) | 1-29 |
| 32 | തൊഴിലുപ്പ് പദ്ധതി- നടപ്പിലാക്കിയ പദ്ധതികൾ കുറവ്<br>Written By: M.S.Tharick (Senior Grade Auditor, On 04-07-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-07-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വീട് പുനരുദ്ധാരണം - പ്രൊജക്ടിൽ വകയിരുത്തിയതിൽ അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 02-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 3-1 |
| 2 | ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവു ചെയ്യാത്തതിനാൽ നഷ്ടം<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 01-07-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 09-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: S. Premanand (Audit Officer, On 04-07-2021)<br>Last Updated By: S. Premanand (Audit Officer, On 09-07-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 19-06-2021)<br>Last Updated By: C.P.Karthikeyan (Computer Assistant, On 09-07-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ് അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പറളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.03.2020 തീയതിയിലെ 2(2)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-1-1 പദ്ധതി നിർദ്ദേശങ്ങൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുമ്പും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. ബജറ്റ് ഫയൽ കൃത്യതയോടെ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാ ബജറ്റ് രേഖകളും ഫയലിൽ സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 പദ്ധതിയേതര നിർദ്ദേശങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ | മാർച്ച് 7-ന് മുൻപ് |

| | |
|---|---|
| പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് |

തൻവർഷത്തിൽ ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രങ്ങളും പാലിച്ചിട്ടില്ല.

## 1-1-3 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

2019-20 വർഷത്തെ ബജറ്റ്/ യഥാർത്ഥ വരവ്- ചെലവ് വിലയിരുത്തൽ

നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഹെഡ് മാസ്റ്റർ,സെക്രട്ടറി,വി.ഇ.ഓ,വെറ്ററിനറി സർജ്ജൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ മാത്രമാണ് ആയത് സമർപ്പിച്ചിട്ടുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റ് ചർച്ച ചെയ്തതിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതിന്റേയും വിശദാംശങ്ങൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രങ്ങളും പാലിച്ചിട്ടില്ല. പ്രസ്തുത കാരണത്താൽ തൻവർഷം പ്രതീക്ഷിത വരവും ചെലവും യഥാർത്ഥത്തിലുള്ള വരവും ചെലവും തമ്മിൽ അന്തരമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലെ വരവ് ചെലവ് |
|---|---|---|
| മുൻ ബാക്കി | 19754841 | 23672114 |
| വരവ് | 275380000 | 90792889 |
| ആകെ | 295134841 | 114465003 |
| ചെലവ് | 284278593 | 94891447 |
| മിച്ചം | 10856248 | 19573556 |

### ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
4. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|
| | | | |

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31..07.2020 | 10.06.2020 | ബാധകമല്ല | ബാധകമല്ല |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി /ലാപ്സ് ആയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 15732294 | 15732294 | 14974962 | 757332 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 16331294 | 16331294 | 8353603 | 7977691 |
| വികസന ഫണ്ട്- ടി.എസ്.പി | | 0 | 196000 | 196000 | 0 | 196000 |
| മെയിന്റനൻസ്, റോഡ് | | 0 | 6786000 | 6786000 | 3380458 | 3405542 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4946000 | 4946000 | 2388118 | 2557882 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 12993203 | 12993203 | 3897633 | 9095570 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15067393 | 15067393 | 15067393 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1272.50 | 1149172 | 1150444.50 | 1150444 | 0.50 |
| കേന്ദ്രാവിഷ്കൃതം- ICDS | | 2114795 | 1135908 | 3250703 | 1021600 | 2229103 |
| കേന്ദ്രാവിഷ്കൃതം- ശുചിത്വ മിഷൻ & സ്വച്ച് ഭാരത് | | 2964553 | 0 | 2964553 | 910252 | 2054301 |

1. വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി) എന്നീ ഇനങ്ങളിൽ ഇൻകം & എക്സ്പെൻ്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് (സോർസിൽ നിന്നും കുറവു ചെയ്തത് ഉൾപ്പെടെയുള്ള തുക) പട്ടികയിൽ ചെലവായി ഉൾപ്പെടുത്തിയത്.
2. യഥാർത്ഥത്തിൽ ശുചിത്വ മിഷൻ (320300103) എന്ന Headൽ ₹910252/- തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് രേഖപ്പെടുത്താൻ വിട്ടുപോയതിനാൽ ₹2964553/- ആണ് ബാലൻസ് ഷീറ്റിൽ വന്നത്. ഇത് July 2020ൽ സാംഖ്യയിൽ ക്രമീകരിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 219 | 117396834 | 123 | 60477502 | 0 | 96 | 56.16 |

മേഖല തിരിച്ചുള്ള പദ്ധതി അടങ്കലും ചെലവും ചുവടെ കൊടുക്കുന്നു.

| മേഖല | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം | 18933418 | 14974962 |
| വികസന ഫണ്ട് (എസ്.സി.പി) | 19600246 | 8353603 |
| വികസന ഫണ്ട് (ടി.എസ്.പി) | 196000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 15587106 | 3897633 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4113447 | 1931852 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 9956250 | 6360000 |
| തനത് ഫണ്ട് | 14239111 | 7421116 |
| ബ്ലോക്ക് ഷെയർ | 3521075 | 3044884 |
| ജില്ലാ പഞ്ചായത്ത് ഷെയർ | 4159549 | 1621026 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 8136000 | 3380458 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5808280 | 2388118 |
| മറ്റുള്ളവ് | 13146352 | 7103850 |
| ആകെ | 117396834 | 60477502 |

## 1-5 തൊഴിലുറപ്പ് പദ്ധതി-വരവ്- ചെലവ് കണക്ക്

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15067393 | 15067393 | 15067393 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1272.50 | 1149172 | 1150444.50 | 1150444 | 0.50 |
| | ആകെ | 1272.50 | 16216565 | 16217837.50 | 16217837 | 0.50 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 41280 | 43 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3642600 | 629 |
| 3 | വിധവാ പെൻഷൻ | 7738200 | 1376 |
| 4 | വാർദ്ധക്യകാല | 14802600 | 1376 |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| 5 | വികലാംഗ പെൻഷൻ | 2657900 | 469 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 687000 | 122 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-06-2021 തീയതിയിൽ ഉച്ചക്ക് ശേഷം 2.45 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50497/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളുടേയും അടിസ്ഥാനത്തിൽ വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസൃതമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസൃതമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ്, ബജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം

രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ, കുടുംബശ്രീ മുഖേന നോട്ടീസ് നൽകൽ എന്നീ മാർഗ്ഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേയ്മെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് കയ്യൊഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് "സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.4.2021 | 01.02.2021 മുതൽ 31.03.2021വരെ | PAU-01/2020/05.05-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.09.2001 മുതൽ 29.01.2001 വരെ | 1997-98 മുതൽ 1999-2000വരെ | LBA/(HQ)I/IA/8A-226/554 Dt.04.01.2002 |

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാനില്ല. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഒഴിവാക്കി

## 1-11 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമ നം: 149 ആയി ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പൊകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് എടുത്തതായി കാണുന്നില്ല.

31-10-2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് അപേക്ഷകൾ സ്വീകരിക്കേണ്ടത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റു വരവു തന്നെയാണ് രേഖപ്പടുത്തി വരുന്നത്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം 9/30-06-2021 ന് ലഭ്യമായ മറുപടി:

1. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്.

2. ലൈസൻസ് എടുപ്പിക്കുന്നതിനായി റേഷൻ കടകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, എന്നാൽ അവർ ലൈസൻസ് എടുക്കുന്നതിന് കൂട്ടാക്കിയിട്ടില്ലെന്നും, തുടർന്നും ലൈസൻസ് എടുപ്പിക്കുന്നതിന് കത്ത് നൽകുന്നതിനും ലൈസൻസ് എടുപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

3. ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷാഫാറം ഗ്രാമലക്ഷ്മിയിൽ ലഭ്യമായിരുന്നില്ല. ഇപ്പോൾ പുതിയ അപേക്ഷാഫാറം ലഭ്യമായിട്ടുണ്ട്. അതിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | കാലയളവ് |
|---|---|---|---|
| 1 | പറളി ഗ്രാമ പഞ്ചായത്ത് കാര്യാലയം | ജയപ്രകാശ് (പ്ളംബർ) | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ഗവ: ആയുർവ്വേദ ഡിസ്പെൻസറി പറളി (NRMH) | രമണി. കെ.ഇ (അറ്റന്റർ) | ഒന്നും രണ്ടും അർദ്ധവർഷം |

സ്ഥാപന രജിസ്ററർ കാലികമാക്കേണ്ടതും ഒന്നും രണ്ടും വർഷത്തെ റിട്ടേണുകൾ ക്രമ നമ്പരിട്ട് സൂക്ഷിക്കേണ്ടതുമാണ്.

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/ 30-06-2021 ന് നൽകിയ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ

നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കന്നുകുട്ടി പരിപാലനം (ജനറൽ)- ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കന്നുകുട്ടിപരിപാലനം (ജനറൽ) എന്ന പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
1.) പ്രൊജക്ടിന്റെ പേര്- 35/20-കന്നുകുട്ടി പരിപാലനം (ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
അടങ്കൽ - വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) – 156250 രൂപ
ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് ) – 312500 രൂപ
സംസ്ഥാനാവിഷ്കൃത ഫണ്ട് – 156250 രൂപ
ആകെ – 625000 രൂപ
ചെലവ് – 156250/-രൂപ (25 പേർക്ക് 6250/-രൂപ പ്രകാരം)
ട്രഷറി ബിൽ നം. – 1/19-20 തിയതി - 06-12-2019

പദ്ധതി നടപ്പാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും വെറ്ററിനറി സർജൻ 156250/- രൂപ 06-12-2019 തിയതിയിൽ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് (A/C No.714021400000008) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

പദ്ധതി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( 10/30-6-2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 മൃഗസംരക്ഷണം -വനിതകൾക്കായുള്ള ഉൽപാദന മേഖലയിൽപ്പെട്ട പദ്ധതികൾ നടപ്പാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കേണ്ടിയിരുന്ന വനിതകൾക്കായുള്ള ഉൽപാദന മേഖലയിൽ ആവിഷ്കരിക്കപ്പെട്ടപ്പെട്ട പദ്ധതികൾ നടപ്പാക്കിയില്ല. തൻ സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ 6 പ്രോജക്ടുകൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. ആയതിൽ 4 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

അന്തിമ പദ്ധതി രേഖ (2017-2022) പരിശോധിച്ചതിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയിൽ കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, കറവ പശു, ആട് വിതരണം എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുകയും അതുവഴി ഉത്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുക എന്നതാണ് വികസന കാഴ്ച്ചപാട്. ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിലും മേൽ പദ്ധതികൾ നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

മുട്ട, പാൽ തുടങ്ങിയവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് തൊഴിൽ/വരുമാന മാർഗം കണ്ടെത്തുന്നതിന് ഗുണഭോക്താക്കളെ പ്രാപ്തരാക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുളിൽ വനിതകൾക്കായുള്ള മുട്ടക്കോഴി വളർത്തൽ നടപ്പാക്കിയിട്ടില്ല.

| പ്രൊജക്റ്റ് പേര്, നമ്പർ | അടങ്കൽ |
|---|---|
| വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ -ജനറൽ (178/20) | അടങ്കൽ-412000 ( വികസന ഫണ്ട്-206000, മറ്റുള്ളവ – 206000) |
| വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ -എസ് സി പി (179/20) | അടങ്കൽ-60000 ( വികസന ഫണ്ട്-45000, മറ്റുള്ളവ – 15000) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (13-30/06/2021) മുട്ടക്കോഴികളുടെ വില്പനവില 100 രൂപയിൽ നിന്നും 110 രൂപയായി വർദ്ധിപ്പിച്ചിരുന്നതിനാലും

പരിശീലന സർട്ടിഫിക്കറ്റ് ലഭിച്ചതും ഗുണഭോക്തൃ വിഹിതം അടച്ചതുമായ ഗുണഭോക്താകൾ നിലവിൽ ഇല്ലാത്തതിനാലും പദ്ധതികൾ ഉപേക്ഷിക്കേണ്ടി വന്നു എന്നാണ് പറഞ്ഞിട്ടുള്ളത്.

പദ്ധതികൾ ഉപേക്ഷിക്കുന്നതിനു മുമ്പ് തന്നെ യൂണിറ്റ് കോസ്റ്റിൽ അധികരിക്കാതെ സർക്കാർ മേഖലയിലോ മറ്റു സ്വകാര്യമേഖലയിലോ മുട്ടക്കോഴികൾ ലഭ്യമാകുമോ എന്ന് അന്വേഷിക്കുകയും ആയത് ലഭിച്ചില്ലായെങ്കിൽ വിവരം ഭരണസമിതിയെ അറിയിക്കുകയും നിർവ്വഹണോദ്യോഗസ്ഥൻ കുറിപ്പ് എഴുതുകയും ചെയ്യേണ്ടതാണ്. തുടർ വർഷങ്ങളിൽ വ്യക്തമായ മുന്നൊരുക്കത്തോടെ വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തി ഉത്പാദനമേഖലയിൽ വനിതകൾക്കായുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശ്രദ്ധിക്കേണ്ടതാണ്.

വകയിരുത്തുന്ന തുക പരമാവധി ചെലവഴിച്ച് ഫണ്ട് ലാപ്സ് ആകുന്നത് ഒഴിവാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഔഷധിക്ക് കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള ആയുർവേദ മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം.- 111/19-20

പ്രോജക്ട് – അമ്മയും കുഞ്ഞും മരുന്നു വാങ്ങൽ -എസ്.സി.പി

അടങ്കൽ- ₹ 1,00,000/-

ട്രഷറി ബിൽ നം. 62/19-20 തിയതി-31-03-20

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (അയുർവേദം)

അമ്മയും കുഞ്ഞും എന്ന പദ്ധതിക്കു വേണ്ടി മരുന്നുകൾ വാങ്ങുന്നതിനായി 1,00,000/- രൂപ ഔഷധി, തൃശ്ശൂർ എന്ന സ്ഥാപനത്തിന് (അക്കൗണ്ട് നം.5913005900000015 IFSC Code. PUN 80591300) നെഫ്റ്റ് മുഖേന 31-03-20 ന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ 45,422/- രൂപയുടെ മരുന്നുകൾ മാത്രമേ 2019-20 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം./തിയതി | ടാക്സ് ഉൾപ്പെടെയുള്ള തുക |
|---|---|
| 90163677/31-05-2020 | 43991/- |
| 90188836/27-11-2020 | 1431/- |

ബാക്കി തുക 54578/-രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥീകരിക്കുകയും ആയത് ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. അതതു വർഷം തന്നെ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പറളി കടവ് കുടിവെള്ള പദ്ധതി-നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും 04/2010 മുതൽ ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതും ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന പറളി കടവ് കുടിവെള്ള പദ്ധതി ഇപ്പോഴും ഗുണഭോക്തൃ സമിതികൾക്ക് കൈമാറാതെ തുടരുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 715 ഗാർഹിക കണക്ഷനുകളും 31 ഗാർഹികേതര കണക്ഷനുകളും ഉൾപ്പെടെ ആകെ 746 കണക്ഷനുകളാണുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പൊതു ടാപ്പുകൾ ഇല്ല.01.04.2010 മുതൽ പ്രതിമാസം

ഗാർഹിക കണക്ഷനുകൾക്ക് 50/-രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 150 രൂപ മുതൽ 300/-രൂപ വരെയുമാണ് വെള്ളക്കരമായി ഈടാക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഒരു പമ്പ് ഓപ്പറേറ്ററെയും ഒരു മീറ്റർ റീഡർ & പ്ലംബറെയും നിയമിച്ചിട്ടുണ്ട്. പമ്പ് ഓപ്പറേറ്റർ, പ്ലംബർ എന്നിവർക്ക് പ്രതിദിനം 715 രൂപ എന്ന തോതിൽ പ്രതിഫലം നൽകുന്നു.

2019-20 വർഷത്തെ വാർഷിക കണക്കിലും, ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ള ഗാർഹിക-ഗാർഹികേതര കണക്ഷനുകൾ, വെള്ളക്കരം ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

| പ്രതിമാസ നിരക്ക് | കണക്ഷനുകളുടെ എണ്ണം | ഡിമാന്റ് | വാർഷിക ഡിമാന്റ് |
|---|---|---|---|
| ഗാർഹികം @ 50 | 715 | 715*600 | 429000 |
| ഗാർഹികേതരം @150 | 16 | 16*900 | 28800 |
| ഗാർഹികേതരം @ 202 | 1 | 2424*1 | 2424 |
| ഗാർഹികേതരം @300 | 14 | 3600*14 | 50400 |
| ആകെ | 746 | | 510624 |

തൻ വർഷം കണക്ഷൻ വിഛേദിച്ചതിനാൽ ഡിമാന്റിൽ നിന്നും 82400 (510624-82400=428224) രൂപ കുറവ് ചെയ്തിട്ടുണ്ട്.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 428224 | 208534 | 219690 |
| കുടിശിക | 712500 | 189950 | 522550 |
| ആകെ | 1140724 | 398484 | 742240 |

കടവ് കുടിവെള്ള പദ്ധതിയുടെ 2019-20 വർഷത്തെ വരവ് -ചെലവിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് (വാർഷിക കണക്ക് പ്രകാരം) | |
|---|---|
| തൻവർഷം | 208534 |
| കുടിശിക | 189950 |
| ആകെ | 398484 |
| ചെലവ് | |
| വൈദ്യുതി ചാർജ്ജ് | 417828 |
| പമ്പ് ഓപ്പറേറ്റർ വേതനം | 210735 |
| പ്ലംബർ വേതനം | 165810 |
| അറ്റകുറ്റപണി (പ്രോജക്റ്റുകൾ ) | 1108719 |
| മൈനർ അറ്റകുറ്റപണി (തനതു ഫണ്ട്) | 64511 |
| ആകെ ചെലവ് | 1967603 |

എല്ലാ ഗുണഭോക്താക്കളിൽനിന്നും വെള്ളക്കരം മുഴുവനായും പിരിച്ചെടുത്താൽതന്നെ ആകെ 428224 രൂപയാണ് ലഭ്യമാകുക. തൻവർഷം വരവിനെക്കാൾ 1569119 രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്.താഴെ പറയുന്ന പ്രോജക്റ്റുകൾ മുഖേനയാണ് 1108719/- രൂപ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണികൾക്കായി 2019-20 കാലയളവിൽ ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്രോജക്ട് നം.158/20<br>കുടിവെള്ള പദ്ധതി-മെയിന്റനൻസ് | 1200000 | 1108719 | തനത് ഫണ്ട് |

കുടിവെള്ള പദ്ധതികൾ വവ്-ചെലവുകൾ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി തീരുന്ന സാഹചര്യമാണ് സൃഷ്ടിക്കുന്നത്. നാളിതുവരെയായി വെള്ളക്കരം നിരക്ക് പരിഷ്കരിക്കാത്തതിനും കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും സമയബന്ധിതമായി തുക പിരിച്ചെടുക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/22.06.2021) വളരെ വർഷം പഴക്കമുള്ള പൈപ്പ് ലൈനുകൾ ആയതിനാൽ കേടുപാടുകൾ ധാരാളം സംഭവിക്കുകയും റിപ്പയർ നടത്തുന്നതിന് പണചെലവ് ഉണ്ടാവുകയും ചെയ്യുന്നുവെന്നും 2018-19 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ പൈപ്പ് ലൈനിൽ ധാരാളം കേടുപാടുകൾ ഉണ്ടായെന്നും തന്മൂലം മാസങ്ങളോളം ജലവിതരണം തടസപ്പെട്ടെന്നും കുടിശിക വരുത്തിയവർക്ക് നിരവധി തവണ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെന്നും വെള്ളക്കരം നിരക്ക് പരിഷ്കരിക്കുന്നതും ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതും സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ (സാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ നടത്തേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

3. വെള്ളക്കരം നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതാണ്.

4. വരവിന് ആനുപാതികമായി ചെലവുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### <u>1-17 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 100/20- തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | 3,50,000 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹.3,50,000 (ബിൽ നമ്പർ- 5/6.07.2019) |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിക്കായി പറളി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ ₹.3,50,000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 233 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി (എ.ബി.സി പ്രോഗ്രാം) യ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ

നായക്കളെ വന്ധ്യംകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം19/01.07.2021) ആയത് ജില്ലാ പഞ്ചായത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
ജില്ലാ പഞ്ചായത്ത് ഈ ആവശ്യത്തിനായി തുക ചെലവഴിച്ചിട്ടില്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 ISO സർട്ടീഫിക്കേഷൻ ലഭ്യമാക്കൽ- പ്രൊജക്ട് രൂപീകരിക്കാതെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

സ.ഉ(എം.എസ്)നം.18/2015/ത.സ്വ.ഭ.വ തീ.29.01.2015 പ്രകാരമുള്ള ISO സർട്ടീഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗരേഖയിലെ ഖണ്ഡിക 6 (1) ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആസൂത്രണ മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി പ്രൊജക്ട് ഇല്ലാതെ ISO സർട്ടീഫിക്കേഷൻ പ്രവർത്തനങ്ങൾക്കായി തനതു ഫണ്ടിൽനിന്നും തുക ചെലവഴിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം./ തിയതി | ഇനം | തുക |
|---|---|---|
| 21900170/23.05.19 | ബോക്സ് ഫയൽ | 2912 |
| 21900275/15.06.19 | ലൈറ്റ് റിഫ്രഷ് മെന്റ് | 240 |
| 21900268/15.06.19 | ഫയർ എക്സ്റ്റിംഗ്യൂഷർ | 16461 |
| 21900349/28.06.19 | ടോക്കൺ സ്റ്റാന്റ് | 595 |
| 21900426/20.07.19 | ചെടിചട്ടി | 250 |
| 21900427/20.07.19 | ഗം ഷീറ്റ് | 619 |
| 21900434/25.07.19 | റൈറ്റിംഗ് ബോർഡ് | 4500 |
| 21900435/25.07.19 | റൈറ്റിംഗ് ബോർഡ് | 4850 |
| 21900460/29.07.19 | പ്രിന്റിംഗ് ചാർജ്ജ് | 385 |
| 21900649/17.09.19 | റാക്ക് | 25000 |
| 21900634/06.09.19 | നെറ്റ് വർക്ക് | 11426 |
| 21900679/25.09.19 | റിഫ്രഷ് മെന്റ് | 5000 |
| 21901009/17.11.19 | പൗരാവകാശ രേഖ | 10005 |
| 21901393/26.02.20 | പാത്രങ്ങൾ | 24620 |
| 21901617/30.03.20 | പെയിന്റിംഗ് | 10200 |
| | ആകെ | 117063 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/30.06.2021) കൂടുതൽ തുകയുള്ള സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് ഭരണസമിതിയുടെ

അംഗീകാരത്തിനു വിധേയമായാണ് വാങ്ങിയിട്ടുള്ളതെന്നും, മറ്റുള്ളവ താരതമ്യേന ചെറിയ തുകയുള്ള ചെലവുകളാണെന്നും ഭാവിയിൽ പദ്ധതി മാർഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ചെലവുകൾ ചെയ്യുകയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ആസൂത്രണ മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രം പദ്ധതികൾക്കായി തുക ചെലവഴിക്കേണ്ടതാണ്.

## 1-19 തെരുവു വിളക്ക് പരിപാലനം-എ.എം.സി-എഗ്രിമെന്റ് ചമച്ചത് നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. നിർവ്വഹണ ഏജൻസിയുമായി ആകെ 200/ രൂപയുടെ മുദ്രപത്രത്തിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റിന് നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി : തെരുവു വിളക്ക് പരിപാലനം -എ.എം.സി

കരാറുകാരൻ : കെ.കെ. സുരേഷ് ബാബു, അദ്വൈത് അസോസിയേറ്റ്സ്, കടമ്പഴിപ്പുറം

കരാർ നം/തിയതി. : 2B/18.09.2019.

നിർവ്വഹണം : സെക്രട്ടറി

| കരാർ തുക | എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നത് | എഗ്രിമെന്റ് ചമച്ചത് | കുറവ് |
|---|---|---|---|
| 1245275 | 1245 | 200 | 1045 |

മതിയായ മൂല്യമില്ലാത്ത സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30.06.2021) സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ കുറവ് വന്ന 1045 രൂപ കരാറുകാരനിൽനിന്നും ഈടാക്കി സർക്കാറിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വീട് പുനരുദ്ധാരണം - പ്രൊജക്ടിൽ വകയിരുത്തിയതിൽ അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്

വീട് പുനരുദ്ധാരണം എന്ന പ്രൊജക്ട് പ്രകാരം 38 ഗുണഭോക്താക്കൾക്ക് 50000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ശ്രീമതി തത്ത, പൂളക്കൽ വീട്, കുന്നശ്ശേരി (വാർഡ് 4) എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് (42690001000362l6) 75000 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പ്രൊജക്ടിൽ വകയിരുത്തിയതിന് വിരുദ്ധമായി പ്രസ്തുത ഗുണഭോക്താവിന് 25000 രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (5/22.6.21) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ നൽകിയിട്ടുണ്ട്.

## 1-21 പി.എം.എ.വൈ ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രൊജക്ട് : 2017-18 PMAY ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകൽ

പ്രൊജക്ട് നമ്പർ : 86

നിർവ്വഹണ ഉദ്യോഗസ്ഥനൻ : വി.ഇ.ഒ

അടങ്കൽ : 2,50,000 (പദ്ധതി വിഹിതം-ജനറൽ)

ചെലവ് : 2,50,000

ബിൽ നമ്പർ -4/19-20 Dt 30.9.19

2017-18 PMAY ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 250000 രൂപ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (79901140000l144) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (5/22.6.21) നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയത്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2019-20 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2 സ്പിൽ ഓവർ പ്രോജക്ടുകളും 2 പുതിയ പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | പ്രൊജക്ട് | 83/20 | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (ജനറൽ) | 2400000 | 2400000 |
| | ബ്ലോക്ക് പഞ്ചായത്ത് | 976287 | 976287 |
| | ജില്ലാ പഞ്ചായത്ത് | 848523 | 840000 |
| | ആകെ | 4225350 | 4216827 |
| 2 | പ്രോജക്ട് | 173/20 (S.O) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | സംസ്ഥാനാവിഷ്കൃതം | 9800000 | 6360000 |
| | ജില്ലാ പഞ്ചായത്ത് | 17420 | 17420 |
| | മറ്റിനം | 10895402 | 6200000 |
| | ആകെ | 20712822 | 12577420 |
| 3 | പ്രോജക്ട് | 85/20 | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (എസ്.സി.പി) | 1982970 | 240000 |
| | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 0 |
| | മറ്റിനം | 0 | 0 |
| | ആകെ | 1982970 | 240000 |
| 4 | പ്രോജക്ട് | 174/20 (So) | |
| | ഫണ്ട് | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് (എസ്.സി.പി) | 517392 | 40000 |
| | തനത് ഫണ്ട് | 322608 | 0 |
| | ആകെ | 840000 | 40000 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | പേര്, വിലാസം | നല്കിയ തുക | നല്കാനുള്ള തുക |
|---|---|---|---|
| 1 | ഷമീറുദ്ദീൻ എ.എം S/O മുഹമ്മദ് ബഷീർ, കുണ്ടുകാട്, കമ്പ | 40000 | 3,60,000 |
| 2 | വിനോദ് കുമാർ, കുണ്ടുമാരിൽ വീട്, അയ്യർമല, തേനൂർ | 3,60,000 | 40,000 |
| 3 | വസന്തകുമാരി W/O സുകുമാരൻ, കോട്ടത്തൊടി, കിണാവല്ലൂർ | 40,000 | 3,60,000 |
| 4 | ബാലകൃഷ്ണൻ പി,വി, പൂളക്കൽപറമ്പ്, എടത്തറ | 3,60,000 | 40,000 |
| 5 | സുഗുണ W/O ദിവാകരൻ, അമ്പലപറമ്പ് | 3,40,000 | 60,000 |
| 6 | ശാന്തകുമാരി, പാതയിൽ ഹൗസ്, കിണാവല്ലൂർ | 40,000 | 3,60,000 |
| 7 | അമ്മുകുട്ടി, W/O രാധാകൃഷ്ണൻ, കുന്നത്ത് വീട്, ഓടനൂർ | 3,40,000 | 60,000 |
| 8 | ഉഷ കെ.കെ, W/O ബാലസുബ്രമണ്യൻ, കൊക്കയംപറമ്പ്, എടത്തറ | 2,40,000 | 1,60,000 |
| 9 | സുനിത W/O രാജൻ, കുന്നത്ത്പുര, എടത്തറ | 3,60,000 | 40,000 |
| 10 | സുലൈഖ.M, W/O അഷറഫ്, തോട്ടത്തിൽ ഹൗസ്, എടത്തറ | 3,00,000 | 1,00,000 |
| 11 | ദേവകി W/O കൃഷ്ണൻകുട്ടി, കളരിക്കൽ ഹൗസ്, എടത്തറ | 3,00,000 | 1,00,000 |
| 12 | ലക്ഷ്മി.M, കുന്നത്ത്പുര ഹൗസ്, പറളി, ചക്കാന്തറ | 3,00,000 | 1,00,000 |
| 13 | കദീജ.K, W/O റിയാസ്, പനങ്കാവ് പറമ്പ്, പറളി പി. | 2,40,000 | 1,60,000 |
| 14 | ഷഫീക്ക്.എ, S/O സൈനബ, പേങ്ങോട്ടുപാളയം, ചക്കാന്തറ | 2,40,000 | 1,60,000 |
| 15 | ജാനകി W/O അപ്പു, ഇരുവിളംകാട്, തേനൂർ | 3,60,000 | 40,000 |
| 16 | രുഗ്മിണി W/O കൃഷ്ണൻ, അരുമ്പിൽ, എടത്തറ | 2,00,000 | 2,00,000 |
| 17 | കല്യാണി W/O ഗിരീഷ്കുമാർ, വില്ല്യംകാട് ഹൗസ്, കിണാവല്ലൂർ | 1,60,000 | 2,40,000 |
| 18 | കൗസല്യ.വി, W/O മുകുന്ദൻ കെ.സി, കുറുങ്കാട് ഹൗസ്, തേനൂർ | 2,00,000 | 2,00,000 |
| 19 | പ്രേമലത.കെ, W/O കുമരേശൻ, വടക്കവീട്, കിണാവല്ലൂർ | 1,80,000 | 2,20,000 |
| 20 | അജീമ.എച്ച്, W/O ഫക്രുദ്ദീൻ കെ.എ, കാരക്കാട് ഹൗസ്, പറളി | 1,80,000 | 2,20,000 |
| 21 | ശോഭന W/O വസുന്ധരൻ, അന്തിരത്തൊടി, എടത്തറ | 3,40,000 | 60,000 |
| 22 | ഗീത W/O പ്രമോദ്, തെക്കുംപുറം, കമ്പ പറളി | 3,00,000 | 1,00,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/30.6.21) ക്രമനമ്പർ 1,3,6 എന്നിവർ ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് ഭരണസമിതിയെ അറിയിച്ചിട്ടുണ്ടെന്നും ബാക്കി എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പുരോഗതിയിലാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും, തുടർനടപടികളും ഉണ്ടാകേണ്ടതാണ്.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പറളി ഗ്രാമപഞ്ചായത്തിൽ ആകെ 42 അങ്കണവാടികളുണ്ട്. ഇവയുടെ ഭൗതിക സാഹചര്യം താഴെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 42 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 39 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 3 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 3 |
| 5 | ബേബി ഫ്രണ്ടലി ടോയ്ലറ്റ് ഇല്ലാത്തവ | 37 |

2019-2020 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ് ന കീഴിലുള്ള പദ്ധതികൾക്കായി 2229103 രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.ലഭ്യമായ ഫണ്ട് കൃത്യമായി ആസൂത്രണം ചെയ്ത് ഉപയോഗിച്ച് അങ്കണവാടികളുടെ വികസനം ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം എസ്.എസ്.എ യ്ക്ക് തുക കൈമാറിയിട്ടുണ്ട്.

| പ്രൊജക്ട് | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| SSA വിഹിതം നൽകൽ- ജനറൽ | 70 | 600000 | 600000 | 1/19-20 Dt 20.7.19 |
| SSA വിഹിതം നൽകൽ- SCP | 71 | 400000 | 400000 | 2/19-20 Dt 15.7.19 |

മേൽസൂചിപ്പിച്ച 1000000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/22.6.21) വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് സമർപ്പിച്ചത്.

സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എയുടെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് രൂപീകരണത്തിൽ

ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ചിലവഴിച്ച സ്കൂളുകൾ, ചിലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ഇതു കാരണം ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദേശങ്ങൾ

1. എസ്.എസ്.എ നടപ്പിലാക്കുന്ന പ്രവൃത്തികൾ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

2. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ് .

## 1-25 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ വികസന ഫണ്ട് (എസ്.സി.പി) ചെലവഴിച്ചു

പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ വികസന ഫണ്ട് (എസ്.സി.പി) ചെലവഴിച്ച് പദ്ധതി നടപ്പാക്കിയതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ഈ പ്രൊജക്ടുകളുടെ ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 116/20 (229/19) : വട്ടപ്പള്ളം അംഗനവാടി ഷീറ്റ്ടൽ 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹260,000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | 250,560/- 2/21.5.19 |
| കരാർ നമ്പർ | 96/5.12.18 |
| അളവു പുസ്തകം | 14/2017 |

2.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 115/20 (241/19) : നടക്കാവ് പറമ്പ് സാംസ്കാരിക നിലയം, മനക്കമ്പാടം അംഗനവാടി, കോട്ടപ്പള്ള അംഗനവാടി വയറിങ്ങ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹90,000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | 89,997/- 3/21.5.19 |
| കരാർ നമ്പർ | 110/5.3.19 |
| അളവു പുസ്തകം | 42/2017 |

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/തസ്വഭവ, തീയതി: 29.01.2018 ഖണ്ഡിക 6.1ൽ പട്ടകജാതി ഉപപദ്ധതി (Sheduled Caste Sub Plan) വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താനുള്ള സാഹചര്യം ഫയിലിൽ നിന്നും വ്യക്തമാവുന്നില്ല. ഇതു സംബന്ധിച്ച സാക്ഷ്യപത്രം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസരിൽ നിന്നു ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.22/1.7.21, 24/1.7.21) മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ഈ പ്രൊജക്ടുകൾക്കായി ചെലവഴിച്ച ₹350000/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-26 ടാറിങ്ങ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവു ചെയ്യാത്തത്

2019-20വർഷം ബിൽ തുക നൽകിയ താഴെ പറയുന്ന റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽവില ഈടാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.16/30-06-2021, 18/30-06-2021, 25/01-07-2021 പ്രകാരം വിശദീകരണം അവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ഈടാക്കേണ്ടിയിരുന്ന ₹26,750/- (ഇരുപത്താറായിരത്തി എഴുന്നൂറ്റമ്പത് രൂപ) ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ ഖണ്ഡിക 3-2ൽ നൽകിയിട്ടുണ്ട്.

1-27 പൊതു വിഭാഗം ക്ഷീര കർഷകർക്ക് മുഴുവൻ കാലയളവിലേക്കും പാൽ സബ്സിഡി നൽകാത്തത്

2019-20 വർഷത്തിൽ ജനറൽ വിഭാഗത്തിന് ക്ഷീര സംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകിയത് 2019 ഒക്ടോബർ മാസം വരെ മാത്രമാണ്. ബാക്കിയുള്ള 5 മാസങ്ങളിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കാതിരുന്നതുമായി ബന്ധപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/01-07-2021) നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്പെക്ടർ സമർപ്പിച്ച മറുപടിയിൽ ത്രിതല പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിനനുസൃതമായിട്ടാണ് ധനസഹായം അനുവദിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകളിൽ നിന്നും കൂടുതൽ ഫണ്ട് വകയിരുത്തിക്കിട്ടുന്ന മുറയ്ക്ക് മാർച്ച് 15 വരെ സബ്സിഡി അനുവദിക്കാനാകും എന്നും പരാമർശിച്ചിട്ടുണ്ട്.

വരും വർഷങ്ങളിൽ കർഷകർക്ക് അർഹമായ സബ്സിഡി പൂർണ്ണമായും ലഭ്യമാക്കുന്ന വിധത്തിൽ പ്രൊജക്ടുകൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 പ്രത്യേക കന്നുകുട്ടി പരിപാലനം- പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ (35/19-20) ഭാഗമായി എസ് എൽ ബി പി പാലക്കാട് ജില്ലാ ഓഫീസർക്ക് 25 ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി (25*6250= 156250/-) നൽകിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത പറളി സഹകരണ ക്ഷീര സൊസൈറ്റിയുടെ കന്നുകുട്ടി പരിപാലന പദ്ധതിയുടെ കാലിത്തീറ്റ വിതരണ സ്റ്റോക്ക് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, വ്യക്തിഗത നാൾവഴി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് 01/20മുതൽ കാലിത്തീറ്റ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ആയതിൽ ഒരു ഗുണഭോക്താവ് കന്നുകുട്ടിയെ വിറ്റതുകാരണവും മറ്റൊരു ഗുണഭോക്താവ് കന്നുകുട്ടി മരിച്ചതിനാലും കാലിത്തീറ്റ വാങ്ങുന്നത് നിർത്തിയതായി എസ് എൽ ബി പി യുടെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരിശോധനയിൽ കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് വിലാസം | കാലിത്തീറ്റ വാങ്ങിയ കാലയളവ് | വാങ്ങിയ കാലിത്തീറ്റയുടെ അളവ് | നൽകിയ തുക |
|---|---|---|---|---|
| 1 | എം.എം ഉണ്ണികൃഷ്ണൻ, പാലക്കപറമ്പ് | 01/20,2/20,3/20,5/20 | 60*4=240 Kg | 663*4=2652 |

| | | | | |
|---|---|---|---|---|
| 2 | കൃഷ്ണൻ കെ കെ, താമരം കുന്ന് | 01/20 | 60 Kg | 663 |

പദ്ധതിയിൽ നിന്ന് ഒഴിവായ ഗുണഭോക്താക്കളുടെ ബാക്കി സബ്സിഡി തുക എസ് എൽ ബി പി യിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 27/2-07-2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 തൊഴിലുപ്പ് പദ്ധതി- നടപ്പിലാക്കിയ പദ്ധതികൾ കുറവ്

2019-20 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ ആക്ഷൻ പ്ലാൻ പ്രകാരം 1141 പദ്ധതികൾ നടപ്പിലാകുവാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ യഥാർത്ഥത്തിൽ നടപ്പിൽ വരുത്തിയ പദ്ധതികൾ 196 മാത്രമെയുള്ളൂ. ഇത് കേവലം 17% മാത്രമാണ് അതുകൊണ്ട് തന്നെ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ള കുടംബങ്ങളുടെ എണ്ണം 5 മാത്രമായി ചുരുങ്ങി.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈട്ടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. എന്നാൽ ഈ ഉദ്ദേശ്യങ്ങളൊന്നും തൻവർഷത്തിൽ നടപ്പിലാകുവാൻ സാധിച്ചിട്ടില്ല. മറ്റു വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3998 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3998 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1141 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 176702000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 196 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 148 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 29 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 17205497.50 |
| 9 | തൻവർഷത്തെ ചെലവ് | 17205497 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2398 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2398 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 34 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | 50 |

2019-20 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 34 പ്രവൃത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം നിർവ്വഹിച്ചിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവർത്തികൾ പൂർത്തീകരിക്കുവാനും എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വീട് പുനരുദ്ധാരണം - പ്രൊജക്ടിൽ വകയിരുത്തിയതിൽ അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്

പ്രൊജക്ട് -വീട് പുനരുദ്ധാരണം (Spill Over)

പ്രൊജക്ട് നമ്പർ (2018-19) -S0099/19

പ്രൊജക്ട് നമ്പർ (2019-20) -S0172/20

അടങ്കൽ -1200000 (പദ്ധതി വിഹിതം SCP -1190000, തനത് ഫണ്ട് -10000)

ചെലവ് -1100000 (പദ്ധതി വിഹിതം SCP -1100000 )

പ്രൊജക്ട് പ്രകാരം 38 ഗുണഭോക്താക്കൾക്ക് 50000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ശ്രീമതി തത്ത, പൂളക്കൽ വീട്, കുന്നശ്ശേരി (വാർഡ് 4) എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് (4269000100036216) 75000 രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|
| 12/18-19 | 19.3.19 | 25000 |
| 1/19-20 | 19.7.19 | 25000 |
| 2/19-20 | 30.8.19 | 25000 |
| | | 75000 |

പ്രൊജക്ടിൽ വകയിരുത്തിയതിന് വിരുദ്ധമായി പ്രസ്തുത ഗുണഭോക്താവിന് 25000 രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (5/22.6.21) നൽകിയെങ്കിലും ഇതിന് മറുപടിയൊന്നും ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവു ചെയ്യാത്തതിനാൽ നഷ്ടം

2019-20 വർഷത്തിൽ ബിൽ തുക നൽകിയ താഴെ പറയുന്ന റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽവില ഈടാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.16/30-06-2021, 18/30-06-2021, 25/01-07-2021 പ്രകാരം വിശദീകരണം അവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ഈടാക്കേണ്ടിയിരുന്ന ₹26,750/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 142/20(56/19) : കുണ്ടുകാട് പേഴുങ്കലടി റോഡ് റീ-ടാറിംഗ്- 2018-19 |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹350,000/- MG(R) |
| ചെലവു തുക/ ബിൽ നം. | 337,345/- 17/20.8.19 |
| ഉപയോഗിച്ച | VG30- 2658.75Kg, RS1- 280.26 |

| | |
|---|---|
| ബിറ്റുമെൻ | |
| ആകെ ബാരലുകളുടെ എണ്ണം | 17+1 = 18 |
| അളവു പുസ്തകം | 32/2018-19 |
| ഈടാക്കേണ്ട തുക | ₹4500/- |
| കരാറുകാരൻ | പി.എം. ശിവരാജൻ |

2.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 127/20(40/19) : അയ്യർമല റോഡ് റീ-ടാറിങ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹400,000/- Plan (SCP) |
| ചെലവു തുക/ ബിൽ നം. | 391,837/- 1/21.5.19<br>8,163/- 2/21.5.19 |
| ഉപയോഗിച്ച ബിറ്റുമെൻ | VG30- 3066.16Kg, RS1- 350.85 |
| ആകെ ബാരലുകളുടെ എണ്ണം | 20+2= 22 |
| അളവു പുസ്തകം | 18/2018-19 |
| ഈടാക്കേണ്ട തുക | ₹5500/- |
| കരാറുകാരൻ | പി.എം. രമേഷ് |

3.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 143/20(59/19) : ലാങ്കുറിശ്ശി റോഡ് റീ-ടാറിങ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹400,000/- MG(Road) |
| ചെലവു തുക/ ബിൽ നം. | 400,000/- 8/26.6.1919 |
| ഉപയോഗിച്ച ബിറ്റുമെൻ | VG30- 3141.46 Kg, RS1- 354.75 |
| ആകെ ബാരലുകളുടെ എണ്ണം | 20+2= 22 |
| അളവു പുസ്തകം | 11/2018-19 |
| ഈടാക്കേണ്ട തുക | ₹5500/- |
| കരാറുകാരൻ | കൃഷ്ണൻ. കെ.വി |

4.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 143/20(59/19) : ലാങ്കുറിശ്ശി അമ്പലം മനംതൊടി റോഡ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹300,000/- MG(Road) |
| ചെലവു തുക/ ബിൽ നം. | 300,000/- 9/26.6.1919 |
| ഉപയോഗിച്ച ബിറ്റുമെൻ | VG30- 1086.85 Kg, RS1- 101.25 |
| ആകെ ബാരലുകളുടെ എണ്ണം | 7+1= 8 |
| അളവു പുസ്തകം | 21/2017 |
| ഈടാക്കേണ്ട തുക | ₹2000/- |

| | |
|---|---|
| കരാറുകാരൻ | കൃഷ്ണൻ. കെ.വി |

5.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 145/20(66/19) : കല്ലം പറമ്പ് റോഡ് റീടാറിങ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹200,000/- MG(Road) |
| ചെലവു തുക/ ബിൽ നം. | 200,000/- 10/26.6.1919 |
| ഉപയോഗിച്ച ബിറ്റുമെൻ | VG30- 1014.66 Kg, RS1- 112.53 |
| ആകെ ബാരലുകളുടെ എണ്ണം | 6+1=7 |
| അളവു പുസ്തകം | 8/2017 |
| ഈടാക്കേണ്ട തുക | ₹1750/- |
| കരാറുകാരൻ | സുദേവൻ. സി |

6.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 152/20(186/19) : പറളി കടവ് റെയിൽ വേ സ്റ്റേഷൻ റോഡ് റീടാറിങ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹400,000/- MG(Road) |
| ചെലവു തുക/ ബിൽ നം. | 400,000/- 13/26.6.1919 |
| ഉപയോഗിച്ച ബിറ്റുമെൻ | VG30- 1414 Kg, RS1- 176.96 |
| ആകെ ബാരലുകളുടെ എണ്ണം | 9+1=10 |
| അളവു പുസ്തകം | 22/17 |
| ഈടാക്കേണ്ട തുക | ₹2500/- |
| കരാറുകാരൻ | രമേഷ്. പി. എം |

7.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 144/20(62/19) : നടുവശ്ശേരി റോഡ് റീടാറിങ് 2018-19 പറളി ഗ്രാമ പഞ്ചായത്ത് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹400,000/- MG(Road) |
| ചെലവു തുക/ ബിൽ നം. | 400,000/- 12/26.6.1919 |
| ഉപയോഗിച്ച ബിറ്റുമെൻ | VG30- 2840 Kg, RS1- 317.9 |
| ആകെ ബാരലുകളുടെ എണ്ണം | 18+2=20 |
| അളവു പുസ്തകം | 16/18-19 |
| ഈടാക്കേണ്ട തുക | ₹5000/- |
| കരാറുകാരൻ | സുദേവൻ. സി |

പട്ടികയിൽ കൊടുത്തിരിക്കുന്ന 7 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആകെ ഈടാക്കേണ്ടിയിരുന്ന ₹26,750/- (ഇരുപത്താറായിരത്തി എഴുന്നൂറ്റമ്പത് രൂപ) ഉത്തരവാദികളിൽ നിന്നും ഈടാക്കി

പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. തുക ഈടാക്കുമ്പോൾ 18% ജി.എസ്.ടി. ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സാക്ഷ്യപത്രം |
|---|---|---|
| 2019-20 | 17.6.21 & 18.6.21 | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 976827 | 83/20: ലൈഫ് ഭവന നിർമ്മാണം ജനറൽ | 976827 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്- നേരിട്ട് | 2019-20 | 110000 | 39/19: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 110000 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1333255 | 26/20: നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1333255 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 84257 | 28/20: സാന്ത്വന ചികിത്സാ പദ്ധതി - പെയിന്& പാലിയേറ്റ് കെയർ | 84257 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്- നേരിട്ട് | 2019-20 | 200000 | 73/20: ക്ഷീര സംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ- ജനറൽ | 200000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 17420 | 101/19(173/20): ലൈഫ് ഭവന നിർമ്മാണം ജനറൽ | 17420 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 848523 | 83/20: ലൈഫ് ഭവന നിർമ്മാണം ജനറൽ | 840000 | 8523 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 320000 | 107/19: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 320000 | 0 |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 29724 | 39/19: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 29724 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത്- നേരിട്ട് | 2019-20 | 683882 | 39/19: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 683882 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത്- നേരിട്ട് | 2019-20 | 200000 | 73/20: ക്ഷീര സംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ- ജനറൽ | 200000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB | 237/20 സ്ട്രീറ്റ് മെയിൻ വലിക്കൽ പൂർത്തീകരണം | 21901395/26.02.20<br>21901396/26.02.20 | 900741<br>549393 | 900741<br>549393 | 0 |
| | | ആകെ | 1450134 | 1450134 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7160000രൂപ വരവുണ്ട്. മുൻബാക്കി 10664598 രൂപയടക്കം 17824598 രൂപയിൽ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 7160000 | 10664598 | 1779412 | 0 | 16045186 |

| | | | | | | |
|---|---|---|---|---|---|---|
| മിഷൻ-ഹഡ്കോ ലോൺ | | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 57524/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 3-19(2) | 2706 | ലക്ഷ്മിക്കുട്ടി, മുൻ സെക്രട്ടറി | 119030900001/27.05.19 |
| 2000-01 | 3-2 | 1212 | ലക്ഷ്മിക്കുട്ടി, മുൻ സെക്രട്ടറി | 119030900002/27.05.19 |
| 2000-01 | 3-3 | 2546 | ലക്ഷ്മിക്കുട്ടി, മുൻ സെക്രട്ടറി | 119030900003/27.05.19 |
| 2002-03 | 3-2 | 2835 | ലക്ഷ്മിക്കുട്ടി, മുൻ സെക്രട്ടറി | 119030900004/27.05.19 |
| 2017-18 | 2-1(ഡി.4) | 2500 | പറളി പാൽ സൊസൈറ്റി സെക്രട്ടറി | 119100106697/5.12.19 |
| 2018-19 | 1-27(14) | 5310 | മണികണ്ഠൻ | 119100109924/10.2.20 |
| 2018-19 | 1-27(1) | 1180 | കെ.സി.ബൈജു | 119100109985/11.02.20 |
| 2018-19 | 1-27(2,3) | 9735 | രവി കുമാർ | 11910010730/3.3.20 |
| 2018-19 | 1-27(4) | 3245 | പ്രഭാകരൻ | 119100111157/17.03.20 |
| 2018-19 | 1-27 (10,11,12,13) | 26255 | രമേഷ്. പി.എം | 1191001112233/18.3.20 |
| | ആകെ | 57524 | | |

119100106697/5.12.19 പ്രകാരം വരവ് വന്ന ₹2500/- Prior Period Income എന്ന Headൽ ആണ് വരവിലെടുത്തത്. അതിനാൽ AFSൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ ₹55024/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13, 2013-14, 2014-15 | 3-15 | 2015-16 | 8.1.6 | മരാമത്ത് പ്രവൃത്തികളുടെ കരാറുകൾക്കുള്ള ബില്ലുകളിൽ ക്രമക്കേട് | സമിതിയുടെസിറ്റിംഗ് നടന്നിട്ടുണ്ട്. ശിപാർശ പുറപ്പെടുവിച്ചിട്ടില്ല. |
| 2016-17 | 2-1 | 2016-17 | അനുബന്ധം -III | മൊബൈൽ ടവറുകളുടെ വസ്തു നികുതി (പൊതു വിഷയം) | സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2-2 | 2016-17 | | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ | സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | ഭീമമായ കുടിശ്ശിക (പൊതു വിഷയം) | |
| 2015-16 | 2-4 | 2016-17 | അനുബന്ധം -V | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-11 | 2016-17 | അനുബന്ധം -IV | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല(പൊതു വിഷയം) | സമിതിയുടെ പരിഗണനയിൽ |
| 2007-08 | 2-3 | 2009-10 | 2.3 | ഗ്രാമസഭ-ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല(പൊതു വിഷയം) | നില നിൽക്കുന്നു. |

<u>4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം</u>

ഓഡിറ്റ് വർഷം ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

<u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 23672114 |
| ഓഡിറ്റ് വർഷത്തെ വരവ് | 90792889 |
| ആകെ വരവ് | 114465003 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 94891447 |
| നീക്കിയിരിപ്പ് | 19573556 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52795 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 350000 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 25000 | ശ്രീമതി.വിനീത. കെ.വി, വി.ഇ.ഒ |
| 3-2 | | 26,750 | ശ്രീമതി.ദിവ്യ ഗോപിനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 51750 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 350000 | ശ്രീമതി.ദിവ്യ ഗോപിനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

| | |
|---|---|
| 1-19 | 1045 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനീത. കെ.വി, വി.ഇ.ഒ | വി.ഇ.ഒ, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് | മാധവി മന്ദിരം, വിളയോടി പി.ഒ, ചിറ്റൂർ, പാലക്കാട്-678103 |
| ദിവ്യ ഗോപിനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ | തൃശ്ശൂർ ജില്ല (കൃത്യമായ വിവരം ലഭ്യമായിട്ടില്ല) | പാടത്ത് വീട്, വെള്ളാനിക്കര പോസ്റ്റ്, ചിറക്കക്കോട്, തൃശ്ശൂർ-680654 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP7/1106/12dt 12.12.2002 | ശുദ്ധിപത്രം |
| 1997-98 | LFP7/1307/01 Dt 01/102002 | പുനരഭിപ്രായം |
| 1998-99 | LFP12/1110/03 Dt 04.11.03 | ഡി.ഡി.പി-യ്ക്കുള്ള കത്ത് |
| 1999-00 | LFP12/392/08 Dt 08.05.08 | ഡയറക്ടർ-യ്ക്കുള്ള കത്ത് |
| 2000-01 | LFP17/135/09 Dt 18.03.11 | തുടർ നടപടികൾ |
| 2001-02 | LFP12/1631/07 Dt 08.04.08 | പുനരഭിപ്രായം |
| 2002-03 | LFP12/558/06 Dt 24.07.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP17/363/10(1)Dt 06.10.10 | പുനരഭിപ്രായം |
| 2004-05 | LFP17/363/10(2)Dt 06.10.10 | പുനരഭിപ്രായം |
| 2005-06 | LFP17/363/10(3)Dt 06.10.10 | പുനരഭിപ്രായം |
| 2006-07 | LFP17/363/10(4)Dt 06.10.10 | പുനരഭിപ്രായം |
| 2007-08 | LFP17/1032/11 Dt 14.06.12 | പുനരഭിപ്രായം |
| 2008-09 | LFP17/1033/11 Dt 04.06.12 | പുനരഭിപ്രായം |
| 2009-10 | LFP17/1933/11 Dt 03.01.12 | പുനരഭിപ്രായം |
| 2010-11 | LFP17/2021/13 Dt 10.01.14 | പുനരഭിപ്രായം |
| 2011-12 | LFP17/914/14 Dt 07.06.14 | പുനരഭിപ്രായം |
| 2012-13 To 2014-15 | KSA.PKD.12/1115/15 Dt 01.12.15 | പുനരഭിപ്രായം |
| 2015-16 | KSA PKD 17/2016 Dt.31.12.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.7-1798/2017തിയതി -13.04.18 | പുനരഭിപ്രായം |
| 2017-18 | കെ.എസ്.എ-പികെഡി17/77/2019 | പുനരഭിപ്രായം |

| | | |
|---|---|---|
| | തിയതി, 06.04.2019 | |
| 2018-19 | നം.കെ.എസ്.എ -പികെഡി17-1728/2019, തീയ്യതി: 29.1.2020 | ഓഡിറ്റ് റിപ്പോർട്ട് |

റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

പത്രികകൾ

| Parli Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23526180.00 |
| Cash | Cash | RP-40(a) | 145934.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1238110.00 |
| 130000000 | Rental income from Panchayat Properties | RP-3 | 558000.00 |
| 140000000 | Fees & User Charges | RP-4 | 2287423.00 |
| 150000000 | Sale & Hire Charges | RP-5 | 260415.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49125833.00 |
| 171000000 | Interest Earned | RP-9 | 388436.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22858982.00 |
| 350000000 | Other Liabilities | RP-36 | 126450.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4691.00 |
| 330000000 | Secured Loans | RP-32 | 7160000.00 |
| 340000000 | Deposits Received | RP-34 | 271115.00 |
| 350000000 | Other Liabilities | RP-36 | 491076.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6010358.00 |
| 460000000 | Loans, Advances and Deposits | RP-47 | 12000.00 |
| | Grand total | | 114465003.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 4099845.00 |
| 220000000 | Administrative Expenses | RP-12 | 1999511.00 |
| 230000000 | Operations & Maintenance | RP-13 | 2493398.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7685246.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 28875675.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3156941.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1494434.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1025540.00 |
| 255000000 | Maintenance Projects | RP-20 | 5896349.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 442359.00 |
| 280000000 | Prior Period item | RP-26 | -55624.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 919935.00 |
| 350000000 | Other Liabilities | RP-36 | 19039576.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1569.00 |
| 280000000 | Prior Period Item | RP- | -7410.00 |

| | | | |
|---|---|---|---|
| | | 26 | |
| 311000000 | Earmarked Funds | RP-29 | 5000.00 |
| 330000000 | Secured Loans | RP-32 | 500000.00 |
| 340000000 | Deposits Received | RP-34 | 168095.00 |
| 350000000 | Other Liabilities | RP-36 | 4086943.00 |
| 410000000 | Fixed Assets | RP-38 | 6263988.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 6200000.00 |
| 460000000 | Loans, Advances and Deposits | RP-47 | 600077.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19573451.00 |
| Cash | Cash | RP-40(b) | 105.00 |
| | Grand Total | | 114465003.00 |

Parli Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5927062.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1223736.00 |
| 140000000 | Fee & User Charges | I-4(b) | 2994697.00 |
| 150000000 | Sale & Hire Charges | I-5(b) | 260415.00 |
| 160000000 | Revenue Grants, Funds, Contributions & | I-6 | 122188630.00 |

| | | | |
|---|---|---|---|
| | Compensations / Subsidies | | |
| 171000000 | Interest Earned | I-8 | 388436.00 |
| 180000000 | Other Income | I-9 | 55361.00 |
| | Total Income | | 133038337.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11935027.00 |
| 220000000 | Administrative Expenses | I-11(b) | 1999511.00 |
| 230000000 | Operations & Maintenance | I-12(b) | 3749286.00 |
| 240000000 | Interest & Finance Charges | I-13 | 1569.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7988358.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45177273.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2853829.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1494434.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30553840.00 |
| 255000000 | Maintenance Projects | I-14(e) | 5896349.00 |
| 256000000 | Other Revenue | I-15(a) | 13777406.00 |

| | | | |
|---|---|---|---|
| | Grants and Funds - Revenue Expenses | | |
| 270000000 | Provisions and Write off | I-16 | 7842.00 |
| 272000000 | Depreciation | I-17(a) | 7019463.00 |
| | Total Expenditure | | 132454187.00 |
| | Gross Surplus/ Deficit of income over Expenditure | | 584150.00 |
| 280000000 | Prior Period Item | I-18 | 1395.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 582755.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Parli Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33839653.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 104655.00 |
| 312000000 | Reserves | B-3 | 52097886.00 |
| | Total Reserve & Surplus | | 86042194.20 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8353182.50 |
| | Total Grants, Contributions for Specific Purposes | | 8353182.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 16045186.00 |
| | Total Loans | | 16045186.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1617198.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 2002887.50 |
| | Total Current Liabilities and Provisions | | 3620085.50 |
| | TOTAL LIABILITIES | | 114060648.20 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 89448427.00 |
| 411000000 | Accumulated Depreciation | B-11 | -12822202.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 76626225.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1204741.20 |
| 440000000 | Pre-paid Expenses | B-16 | 15585186.00 |
| 450000000 | Cash and Bank Balance | B-17 | 19573556.00 |
| 460000000 | Loans, Advances and Deposits | B-18 | 1070940.00 |
| | Total Current Assets, Loans and Advances | | 37434423.20 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 114060648.20 |